പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.5934

19.11.2019 ൽ
മറുപടിയ്ക്ക്

# യുവജനങ്ങളുടെ ക്ഷേമത്തിനായി പദ്ധതികൾ

ചോദ്യം

ശ്രീ.വി. അബ്ദുറഹിമാൻ

മറുപടി

ശ്രീ.ഇ.പി.ജയരാജൻ
(വ്യവസായവും,ടെക്സ്റ്റൈൽസും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം യുവജനങ്ങളുടെ ക്ഷേമത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദാംശം അറിയിക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം യുവജന കമ്മീഷൻ തുടക്കം മുതൽ നടത്തി വരുന്ന പദ്ധതി പ്രവർത്തനങ്ങൾക്ക് പുറമേ തൊഴിൽ അന്വേഷകരെയും തൊഴിൽ ദാതാക്കളെയും ഓൺലൈൻ പ്ലാറ്റ്ഫോറത്തിൽ ബന്ധിപ്പിക്കുന്ന ജോബ് പോർട്ടൽ (വെർച്ചൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്), യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് തൊഴിൽ ദാതാക്കളെയും തൊഴിൽ അന്വേഷകരെയും ഒന്നിപ്പിക്കുന്ന ജോബ് ഫെസ്റ്റ്, നിയമവിദഗ്ധരുടെ സഹായത്തോടെ ഒരു ടോൾ ഫ്രീ നമ്പർ മുഖാന്തിരം ഓൺലൈൻ സംവിധാനത്തിലൂടെ യുവജനങ്ങൾക്ക് സൗജന്യ നിയമസഹായം നൽകുന്നതിനുള്ള യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ, ഇന്ത്യക്കകത്തും പുറത്തുമുള്ള വിവിധ സംസ്കാരങ്ങൾ വിവിധ സംസ്ഥാനങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളിലൂടെ പഠന വിധേയമാക്കുകയും സർക്കാരിന്റെ പരിഗണനയ്ക്കായി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനും വേണ്ടിയുള്ള സാംസ്കാരിക വിനിമയ പരിപാടി, പിന്നോക്ക വിഭാഗക്കാർക്കും ആദിവാസികൾക്കും അവരുടെ യുവജനങ്ങൾക്കും കോളനി കേന്ദ്രീകരിച്ച് സൗജന്യ ഹെൽത്ത് ക്യാമ്പ്, കാസർഗോട്ടെ ബഡ്സ് സ്കൂളുകളിൽ എത്തുന്ന എൻഡോസൾഫാൻ ദുരിതബാധിതരായവരുടെ മാതാപിതാക്കൾക്കും തൊഴിൽ പരിശീലനം നൽകുന്ന പദ്ധതികൾ, കേരള സംസ്ഥാന ലൈബ്രറി കൗൺസിലുമായി ചേർന്ന് ലൈബ്രറികളിലും ക്ലബ്ബുകളിലും ഭരണഘടനാ സദസ്സുകൾ സംഘടിപ്പിക്കുന്നതും, ട്രൈബൽ ലൈബ്രറിയിൽ ബോധവത്കരണ പരിപാടികൾ എന്നീ പദ്ധതികൾ യുവജനങ്ങളുടെ ക്ഷേമത്തിനായി കേരള സംസ്ഥാന യുവജന കമ്മീഷൻ സ്വീകരിച്ച നടപടികളാണ്. |

| | | | |
|---|---|---|---|
| | | | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡുവഴി കേരളോത്സവം, അഭിപ്രായ സ്വാതന്ത്ര്യത്തിനും ആവിഷ്കാര സ്വാതന്ത്ര്യത്തിനും ഊന്നൽ നൽകിക്കൊണ്ട് സംഘടിപ്പിച്ച് ആർട്ട് ഡി ടൂർ, ദേശീയ നാടൻ കലാമേള, നാടകോത്സവം, ദേശീയ യുവജന സെമിനാർ, സംരംഭകത്വ വികസന സെമിനാറും തൊഴിൽ പരിശീലനവും, ജോബ്ഫെസ്ററ്, മ്യൂസിക്കൽ ബാന്റ് മത്സരം, ചിത്രകലാ ക്യാമ്പ്, കാർട്ടൂൺ ക്യാമ്പ്, സാംസ്കാരിക സായാഹ്നങ്ങൾ, മാധ്യമ സെമിനാർ, ദേശീയ ആയോധന കലോത്സവം, ഇന്റർനാഷണൽ ഡാൻസ് ഫെസ്റ്റിവൽ ഫോർ യൂത്ത്, ബോധവൽക്കരണ പരിപാടി, മത്സരപരീക്ഷാ പരിശീലന പരിപാടി, ആരോഗ്യസംരക്ഷണ ക്യാമ്പയിനുകൾ, പാരിസ്ഥിതിക പ്രവർത്തനങ്ങൾ, സാംസ്കാരിക കൂട്ടായ്മ, യുവതാ മാസിക, യുവശക്തി പദ്ധതി, സാഹസിക പ്രവർത്തനങ്ങൾ, യൂത്ത് അവാർഡ്, സ്പോർട്സ് കിറ്റ് വിതരണം, യുവജനദിനാചരണം, സാഹിത്യക്യാമ്പ്, ഇൻർനാഷണൽ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം, ചലച്ചിത്ര ക്യാമ്പ്, വനിതാശിൽപശാല,പി.എസ്.സി പരിശീലനം തുടങ്ങിയ ഒട്ടനവധി പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കി വരുന്നു. |
| (ബി) | സംസ്ഥാനത്തെ യുവജന ക്ലബ്ബുകളും വായനശാലകളും മുഖേന യുവജനങ്ങൾക്കായി എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ; | (ബി) | ഉണ്ട്. കേരള സംസ്ഥാന ലൈബ്രറി കൗൺസിലുമായി ചേർന്ന് ലൈബ്രറികളിലും ക്ലബ്ബുകളിലും ഭരണഘടനാ സദസ്സുകൾ, സംസ്ഥാനത്തുടനീളമുള്ള ട്രൈബൽ ലൈബ്രറികളിൽ ബോധവത്കരണ പരിപാടികൾ, യുവജനങ്ങൾക്ക് പ്രാതിനിധ്യമുള്ള സ്ഥലങ്ങളിൽ നടത്താവുന്ന പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>സംസ്ഥാനത്തെ യുവജന ക്ലബ്ബുകളും വായനശാലകളും മുഖേന യുവജനങ്ങളുടെ ഉന്നമനത്തിനായി ക്ലബ്ബുകൾക്കുള്ള ധനസഹായം, യൂത്ത് കേരള എക്സ്പ്രസ്, യുവാക്ലബ്ബുകൾ,കായിക വികസന പ്രവർത്തനങ്ങൾ, കേരളോത്സവം. എന്നീ പരിപാടികൾ നടത്തി വരുന്നു. |
| (സി) | യുവജനങ്ങളുടെ സാംസ്കാരിക ഉന്നമനത്തിനും നാടിന്റെ നന്മക്കും ഉതകുന്ന നവീനമായ പദ്ധതികൾ യുവജനങ്ങൾക്കായി ആവിഷ്കരിക്കുമോ? | (സി) | ഇന്ത്യക്കകത്തും പുറത്തുമുള്ള വിവിധ സംസ്കാരങ്ങൾ, തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളിലൂടെ പഠന വിധേയമാക്കുകയും സർക്കാരിന്റെ പരിഗണനയ്ക്കായി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനുമായി കേരള സംസ്ഥാന യുവജന കമ്മീഷൻ സാംസ്കാരിക വിനിമയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നിയമവിദഗ്ധരുടെ സഹായത്തോടെ ഒരു ടോൾഫ്രീ നമ്പർ മുഖാന്തിരം ഓൺലൈൻ സംവിധാനത്തിലൂടെ യുവജനങ്ങൾക്ക് സൗജന്യ നിയമ സഹായം നൽകുന്നതിനുള്ള യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ, യുവജനങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | തൊഴിലവസരങ്ങൾ ഒരുക്കുന്നതിന് തൊഴിൽ ദാതാക്കളെയും തൊഴിൽ അന്വേഷകരെയും ഒന്നിപ്പിക്കുന്ന ജോബ് ഫെസ്റ്റ് എന്നീ പദ്ധതികളും യുവജന കമ്മീഷൻ ആവിഷ്കരിച്ചിട്ടുണ്ട്.<br><br>കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് മുഖേന യുവജനങ്ങളുടെ സാംസ്കാരിക ഉന്നമനത്തിനും നാടിന്റെ നന്മയ്ക്കുമായി കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ്, സംരംഭകത്വ വികസനം, ആത്മരക്ഷ ആയോധനത്തിലൂടെ, ട്രാൻസ്ജൻഡേഴ്സ് ശാക്തീകരണം, ജോബ് ഫെസ്റ്റ്, യുവസാഹിത്യ ക്യാമ്പ്,ഷോർട്ട് ഫിലിം ഡോക്യുമെന്ററി ഫെസ്റ്റിവൽ, യൂത്ത് അവാർഡ്, യുവമാധ്യമ ക്യാമ്പ്, യൂത്ത് ഡവലപ്മെന്റ് പ്രോഗ്രാം, യുവതാമാസിക, നവമാധ്യമ കൂട്ടായ്മയും ഓൺലൈൻ പ്രൊമോഷനും, അമച്ചർ നാടകോത്സവം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**